
# FOKANA TODAY
# ഫൊക്കാന ടുഡെ
കേരള കൺവൻഷൻ പതിപ്പ്


2022 FEBRUARY - MARCH | FEDERATION OF KERALA ASSOCIATIONS IN NORTH AMERICA PUBLICATION | Vol: 1 No: 1



# ഫൊക്കാന കേരള കൺവൻഷൻ ഫെബ്രുവരി 26ന് മാജിക് പ്ലാനറ്റിൽ


ആരിഫ് മുഹമ്മദ്ഖാൻ
കേരളാ ഗവർണർ


വി.ഡി. സതീശൻ
(പ്രതിപക്ഷ നേതാവ്)


സജി ചെറിയാൻ
(സാംസ്കാരിക വകുപ്പ് മന്ത്രി)



വീണാ ജോർജ്
(ആരോഗ്യ വകുപ്പ് മന്ത്രി)



ജോർജി വർഗീസ്
(ഫൊക്കാന പ്രസിഡന്റ്)


പ്രൊഫ. ഗോപിനാഥ് മുതുകാട്
(എക്സി. ഡയറക്ടർ, മാജിക് അക്കാഡമി)


സജിമോൻ ആന്റണി
(ഫൊക്കാന ജനറൽ സെക്രട്ടറി)


ഫിലിപ്പോസ് ഫിലിപ്പ്
(ട്രസ്റ്റി ബോർഡ് ചെയർമാൻ)


പോൾ കറുകപ്പള്ളിൽ
(ഇന്റർനാഷണൽ കോ.ഓർഡിനേറ്റർ)


തോമസ് തോമസ്
(വൈസ് പ്രസിഡന്റ്)


കലാ ഷാഹി
(വുമൺസ് ഫോറം ചെയർപേഴ്സൺ)


ബിജു കൊട്ടാരക്കര
(അഡീ. അസോ. ട്രഷറാർ)


ജോജി തോമസ്
(അഡീ. അസോ. സെക്രട്ടറി)

**തിരുവനന്തപുരം:** ഫൊക്കാനാ കേരളാ കൺവൻഷൻ 2022 കഴക്കൂട്ടം കിൻഫ്ര പാർക്കിലുള്ള മാജിക് പ്ലാനറ്റിൽ ഫെബ്രുവരി 26ന്.

കേരളാ ഗവർണ്ണർ ആരിഫ് മുഹമ്മദ്ഖാൻ, പ്രതിപക്ഷ നേതാവ് വി. ഡി. സതീഷൻ, സാംസ്കാരിക, ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ, ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ കൺവൻഷനിൽ പങ്കെടുക്കും. കേരളത്തിൽ നടപ്പാക്കുന്ന വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം




ഫൊക്കാനായും കേരളാ സർവ്വകലാശാലയും സംയുക്തമായി നല്കുന്ന 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരവും ഈ ചടങ്ങിൽ നൽകും. സമാപന സമ്മേളനം കേരളാ ഗവർണ്ണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്യും. വിവിധ സെക്ഷനുകളിലായി മാജിക് പ്ലാനറ്റിലെ വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ കലാപരിപാടികൾ, മാജിക് എന്നിവ അവതരിപ്പിക്കും. രണ്ട് വർഷത്തെ ഇടവേളകളിൽ സംഘടിപ്പിക്കുന്ന ഫൊക്കാനയുടെ കേരളാ കൺവൻഷനുകളെല്ലാം കേരളത്തിലെ അശരണരായ കുടുംബങ്ങൾക്കുള്ള സഹായ ഹസ്തമായിട്ടാണ് സംഘടിപ്പിക്കാറുള്ളത്.

ശേഷം 10-ാം പേജിൽ

# ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ ഒർലാന്റോയിൽ

**ഫ്ളോറിഡ:** ഫൊക്കാനാ ഇന്റർനാഷണൽ കൺവൻഷൻ ഫ്ളോറിഡായിലെ ഒർലാന്റോയിൽ ഹിൽട്ടൺ ഡബിൾ ട്രീ ഹോട്ടലിൽ 2022 ജൂലൈ 7 മുതൽ 10 വരെ നടക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ജോർജി വർഗീസ് കൺവൻഷൻ ചെയർമാൻ ചാക്കോ കുര്യൻ എന്നിവർ അറിയിച്ചു. അമേരിക്കയിലെ വിനോദ നഗരമായ ഒർലാന്റോയിൽ നടക്കുന്ന ഫൊക്കാനാ കൺവൻഷൻ ഏറ്റവും മനോഹരമായി സംഘടിപ്പിക്കും. കൺവൻഷനിൽ എല്ലാ ദിവസവും

വ്യത്യസ്തമാർന്ന പരിപാടികൾ ഒരുക്കുന്നതിനൊപ്പം കാസിനോകൾ, ഡിസ്നി-യൂണിവേഴ്സൽ വിസ്മയ പാർക്കുകൾ എന്നിവയിലെ വിസ്മയങ്ങൾ ആസ്വദിക്കുവാനും പങ്കെടുക്കുന്നവർക്ക് സാധിക്കും. രജിസ്ട്രേഷൻ കിക്കോഫുകൾ പൂർത്തിയാകുന്നതോടെ പരിപാടികളെക്കുറിച്ചുള്ള ഏകദേശ രൂപം പുറത്തുവരും. ഫൊക്കാനാ ഇന്നുവരെ ദർശിക്കാത്ത വ്യത്യസ്തമായ ഒരു കൺവൻഷൻ ഒരുക്കുവാനാണ് ഫൊക്കാനാ നേതൃത്വം ശ്രമിക്കുന്നത്.


ഒർലാന്റോയിലെ ഹിൽട്ടൺ ഡബിൾ ട്രീ ഹോട്ടൽ

EDITORIAL

# ലോക മലയാളികൾക്ക് മാതൃകയായി ഫൊക്കാന


ബിജു കൊട്ടാരക്കര
ചീഫ് എഡിറ്റർ

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ കേരളാ കൺവൻഷൻ തിരുവനന്തപുരത്ത് നടക്കുമ്പോൾ ഫൊക്കാനയുടെ എളിയ പ്രവർത്തകൻ എന്ന നിലയിൽ വലിയ സന്തോഷമുണ്ട്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂടുതൽ പ്രവർത്തന പദ്ധതികൾക്ക് തുടക്കം കുറിച്ചതോടെ അമേരിക്കൻ മലയാളി സംഘടനകളിലെ ജനകീയ സംഘടന എന്ന ഖ്യാതി നിലനിർത്തുവാൻ ഫൊക്കാനയ്ക്ക് സാധിച്ചു. അമേരിക്കൻ മലയാളികൾക്ക് താങ്ങും തണലുമായി നിന്ന ഏക മലയാളി കൂട്ടായ്മ എന്ന നിലയിൽ ഫൊക്കാന എന്നും മുൻപന്തിയിൽ തന്നെ. 2020 - 22 കമ്മറ്റി അധികാരമേറ്റശേഷം നിരവധി പരിപാടികൾ വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടികളുടെ വിലയിരുത്തലും കേരളത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെയും കുടുംബങ്ങളുടെയും പുനരധിവാസവും ഒരു മികച്ച പ്രൊജക്റ്റാക്കി മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ മാജിക് പ്ലാനറ്റുമായി ചേർന്ന് വിപുലമായ ഒരു കേരളാ കൺവൻഷൻ ആണ് ഇപ്പോൾ നടക്കുന്നത്

കേരളത്തിലെ ഓട്ടിസം ബാധിച്ച കുട്ടികളേയും കുടുംബങ്ങളേയും ഫൊക്കാനാ വിമൻസ് ഫോറം ഏറ്റെടുക്കുകയും അവരെ ശാക്തീകരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി മജിഷ്യൻ ഗോപിനാഥ് മുതുകാടിന്റെ മാജിക് പ്ലാനറ്റുമായി സഹകരിച്ച് 'കരിസ്മ' എന്ന സമഗ്രമായ ജീവകാരുണ്യ കൂട്ടായ്മക്ക് തുടക്കം കുറിച്ച് കഴിഞ്ഞു. ഫൊക്കാനാ നാളിതുവരെ നടപ്പിലാക്കിയ പരിപാടികൾ ജനങ്ങളുടെ മുൻപിൽ എത്തിക്കുക എന്ന ദൗത്യമാണ് ഫൊക്കാനാ ടുഡേയ്ക്കുള്ളത്.

കഴിഞ്ഞ ഒരു വർഷക്കാലത്തെ ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ട് കേരളാ കൺവൻഷനിൽ ഒരു പുതിയ പതിപ്പ് അവതരിപ്പിക്കുകയാണ്. ഫൊക്കാനാ എക്സിക്യൂട്ടീവ് കമ്മറ്റി, എഡിറ്റോറിയൽ ബോർഡ് ടീം എന്നിവരുടെ അകമഴിഞ്ഞ പിന്തുണയോടെയാണ് ഈ ലക്കവും മനോഹരമായി പുറത്തിറക്കുവാൻ സാധിച്ചത്. ചുരുങ്ങിയ സമയം കൊണ്ട് ഇങ്ങനെ ഒരു പതിപ്പ് പുറത്തിറക്കുവാൻ സഹായിച്ച ഫൊക്കാനാ പ്രസിഡന്റ് ജോർജി വർഗീസ്, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ എന്നിവരോട് നന്ദിയും കടപ്പാടും അറിയിക്കുന്നു .ഒരിക്കൽക്കൂടി എല്ലാവർക്കും നന്ദി അറിയിച്ചു കൊണ്ട് ഫൊക്കാനാ ടുഡേ കേരളാ കൺവൻഷൻ പതിപ്പ് സമർപ്പിക്കുകയാണ്

# കുഞ്ഞുങ്ങളെ ചേർത്തുപിടിക്കുന്ന ഫൊക്കാനാ കേരളാ കൺവൻഷൻ


സജിമോൻ ആന്റണി
(ജനറൽ സെക്രട്ടറി, ഫൊക്കാന)

ഓരോ വ്യക്തിയും സ്വന്തം നാടുവിട്ടാൽ പ്രവാസിയാണ്. ജീവിതം പച്ച പിടിപ്പിക്കാനുള്ള ഓട്ടത്തിനിടയിൽ ഓരോ പ്രവാസിയും അവന്റെ നെഞ്ചോടു ചേർക്കുന്ന ഒന്നാണ് അവന്റെ ഭാഷയും സംസ്കാരവും. നാടുവിട്ട് മറ്റൊരു നാട്ടിലെത്തിയാൽ മലയാളം സംസാരിക്കുന്ന ഒരാളെ കണ്ടാൽ നമുക്ക് എന്താവേശമാണ്. എത്ര പെട്ടന്നായിരിക്കും അയാളിലേക്ക് നമ്മൾ ആഴ്ന്നിറങ്ങുക. വ്യക്തി എന്നതിലുപരി നമ്മുടെ ഭാഷയോടും സംസ്കാരത്തോടുമുള്ള ഒരഭിനിവേശം കൂടിയാണത്. ഈ അഭിനിവേശത്തിൽ നിന്നാണ് അമേരിക്കൻ മലയാളികളുടെ സംഘടിത ശക്തിയുടെ പ്രതിരൂപമായ ഫൊക്കാനയുടെ തുടക്കം. ഇപ്പോൾ ഫൊക്കാന അതിന്റെ പ്രവർത്തന പഥങ്ങളിലൂടെ ശക്തമായി മുന്നോട്ടു പോവുകയാണ് .ഈ സംഘടനയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ഏറെ ചാരിതാർഥ്യമുള്ള നിമിഷങ്ങളാണ് ഈ കേരളാ കൺവൻഷൻ സമ്മാനിക്കുന്നത്. ഫൊക്കാനായുടെ പുതിയ കമ്മിറ്റി അധികാരത്തിൽ വന്നശേഷം നിരവധി ജനകീയ പദ്ധതികൾക്കും പരിപാടികൾക്കും തുടക്കം കുറിച്ച് നടപ്പിലാക്കി വരുന്നു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് ഈ കാലയളവ് സമ്മാനിച്ചത് സാംസ്കാരിക ഔന്നത്യത്തിൻറേയും, സംഘാടനത്തിന്റെയും പാതയായിരുന്നു. ഫൊക്കാന വളരുകയാണ്. കാലദേശങ്ങൾക്കപ്പുറം ജനമനസുകളിൽ നന്മയുടേയും, സംഘടനാ കരുത്തിൻറേയും പ്രതീകമായി. ഫൊക്കാന പിന്നിട്ട വഴികൾ ഒരിക്കലും മായാത്ത മുദ്രകളാണ് ഫൊക്കാനാ അവശേഷിപ്പിച്ചത്. പ്രതിബന്ധങ്ങൾ ഏറെ ആയിരുന്നു. ഒരു കുഞ്ഞിന്റെവളർച്ചപോലെ. ഒരു കുഞ്ഞിനു പിടിച്ചു നില്ക്കാൻ അമ്മയുടെ കൈകൾ എന്ന പോലെ അമേരിക്കൻ മലയാളികൾക്ക് പിടിച്ചു നില്ക്കാൻ തായ് വേരിനു ബലമുള്ള അമ്മയായി മാറി ഫോക്കാന. ഈ തായ്‌വേര് നമ്മുടെ മനസായിരുന്നു എന്നതാണ് സത്യം. അതുകൊണ്ടാണ് ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് വഴിമാറിപ്പോയ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി തിരുവനന്തപുരം മാജിക് പ്ലാനറ്റുമായി ചേർന്ന് പുതിയ കാരുണ്യ പദ്ധതികൾക്ക്ക് തുടക്കം കുറിക്കുന്നത്. ഫൊക്കാന ഇത്രത്തോളം ജനകീയമായ ഒരു കാലയളവ് വേറെ ഇല്ല എന്ന് തന്നെ പറയാം . അതിൽ വലിയ സന്തോഷമുണ്ട്. ആ സന്തോഷങ്ങൾ പങ്കുവയ്ക്കുന്ന ഫൊക്കാനാ ടുഡേയ്ക്കും അണിയറ പ്രവർത്തകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ


## ഫൊക്കാനാ ടുഡേ എഡിറ്റോറിയൽ ബോർഡ്

| | | | | | | | |
|---|---|---|---|---|---|---|---|
| ജോർജി വർഗീസ് (ഫൊക്കാന പ്രസിഡന്റ്) മാനേജിംഗ് എഡിറ്റർ | സജിമോൻ ആന്റണി സെക്രട്ടറി (ഫൊക്കാന) | സണ്ണി മറ്റമന (ട്രഷറാർ, ഫൊക്കാനാ) | ബിജു കൊട്ടാരക്കര (ചീഫ് എഡിറ്റർ) | പോൾ കറുകപ്പള്ളിൽ (എക്സിക്യുട്ടീവ് എഡിറ്റർ, ഇന്റർനാഷണൽ കോ-ഓർഡിനേറ്റർ) | തോമസ് തോമസ് (വൈസ് പ്രസിഡന്റ്, എഡിറ്റർ) | അപ്പുക്കുട്ടൻ പിള്ള (നാഷണൽ കമ്മിറ്റിയംഗം, എഡിറ്റർ) | അനിൽ പെണ്ണുക്കര (കണ്ടന്റ് എഡിറ്റർ) |



സണ്ണി മറ്റമന
(ട്രഷറാർ, ഫൊക്കാന)

# കേരളത്തിന്റെ മനസ്സറിഞ്ഞ ഫൊക്കാന

മുപ്പത്തിയെട്ട് വർഷങ്ങളുടെ നിറവിലെത്തിയ ഫൊക്കാന തുടക്കം മുതൽ മലയാള ഭാഷയുടെ ഉന്നമനത്തിനും, സാഹിത്യ പ്രോത്സാഹനത്തിനുമായി നിരവധി പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. കഴിഞ്ഞ 38 വർഷം അമേരിക്കൻ മലയാളികളുടെ ജീവിതത്തിനുണ്ടായ മാറ്റങ്ങൾ തന്നെ വലിയ ഉദാഹരണമാണ് .ഇവിടെയാണ് അമേരിക്കൻ മലയാളികളുടെ ആദ്യ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പ്രസക്തി വെളിവാകുന്നത്.

ഫൊക്കാനായുടെ നേതൃത്വത്തിൽ അമേരിക്കയിലെ പുതിയ തലമുറയ്ക്ക് മലയാളം പഠിക്കുന്നതിനായി മലയാളം അക്കാദമിക്ക് തുടക്കമിട്ട് പ്രവർത്തങ്ങൾ സജീവമായി മുന്നോട്ടു പോകുന്നു. ലോകത്തെ മുഴുവൻ മലയാളവുമായി ബന്ധപ്പെടുത്തുന്ന കേരളം സർക്കാരിന്റെ മലയാളം വിഷനുമായി സഹകരിച്ചാണ് ഈ മഹദ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. അമേരിക്കയിലെ മലയാളി പുതു തലമുറ മലയാളം പഠിക്കേണ്ടതും അവരെ മലയാളം പഠിപ്പിക്കേണ്ടതിന്റെയും ഉത്തരവാദിത്വം മലയാളത്തെ സ്നേഹിക്കുന്ന ഫൊക്കാനയ്ക്കുണ്ട്. ആ ദൗത്യം മലയാളം അക്കാദമിയിലൂടെ നടപ്പിലാക്കുവാൻ ശ്രമിക്കുകയാണ്. അതിനുള്ള തുടക്കം കൂടി തിരുവനന്തപുരത്തു നടക്കുന്ന കേരളാ കൺവൻഷനിൽ നടക്കും.കേരളാ കൺവൻഷനോട് അനുബന്ധിച്ച് ഫൊക്കാന പ്രസിദ്ധീകരിക്കുന്ന ഈ അക്ഷര മലയാളത്തിന് മലയാളം അക്കാദമിയുടെ ആശംസകൾ



തോമസ് തോമസ്
(വൈസ് പ്രസിഡന്റ്
ഫൊക്കാന)

# നമ്മുടെ മലയാളവും വളരുന്നു ലോകത്തോളം...

കേരളത്തിന്റെ വളർച്ചയ്ക്ക് നിർണ്ണായക പങ്കുവഹിച്ചത് പ്രവാസി മലയാളികളാണ് എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. അതിൽ ഫൊക്കാനയുടെ പങ്ക് ചെറുതല്ല. മറ്റ് ലോക മലയാളി സംഘടനകളിൽ നിന്നും വളരെ വ്യത്യസ്തമായി ഫൊക്കാനാ അതിന്റെ ഭാഗധേയം ഇന്നും നിർവഹിച്ചു പോരുന്നു. അങ്ങനെ കേരളത്തിന്റെ സാംസ്കാരിക സാമൂഹിക സാമ്പത്തിക വികസനത്തിൽ അമേരിക്കൻ മലയാളികളുടെ സാന്നിധ്യം ഉറപ്പിക്കുവാൻ ഫൊക്കാനയുടെ വിവിധ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ സംഘടനാ ബോധത്തിന് പുതിയ ദിശാബോധം നൽകിയ ഫൊക്കാന കേരളാ കൺവൻഷനിലക്ക് കടക്കുന്ന സമയത്ത് ഫൊക്കാനയുടെ പ്രവർത്തങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു മുഖപത്രം പുറത്തിറക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. എന്തെല്ലാം പ്രശ്ങ്ങൾ ഉണ്ടായാലും സംഘടനയെ ഒരു കൊടിക്കീഴിൽ ഒരുമിച്ചു നിർത്തുവാൻ പ്രവർത്തകർക്കും സാധിക്കുന്നു. അതുതന്നെയാണ് ഫൊക്കാനയുടെ വളർച്ചയുടെ അടിസ്ഥാനം. നമ്മുടെ മലയാളവും അത്തരം വളർച്ചയുടെ തുടക്കമായി മാറാൻ ആശംസകൾ നേരുന്നു.



ചാക്കോ കുര്യൻ
(ഫ്ളോറിഡ കൺവൻഷൻ
ചെയർമാൻ)

# ഫൊക്കാനാ കേരളാ കൺവൻഷൻ ഒരു പൊൻതൂവൽ

മുപ്പത്തിയെട്ട് വർഷം ഫൊക്കാന പിന്നിടുമ്പോൾ വിജയത്തിന്റെ ചരിത്രം മാത്രമാണ് ഫൊക്കാനയ്ക്കുള്ളത്. ഏതൊരു അമേരിക്കൻ മലയാളികൾക്കും അഭിമാനത്തോടെ മാത്രമേ ഫൊക്കാനയെക്കുറിച്ചു സംസാരിക്കാനാവൂ. നൂറുകണക്കിന് വീടുകൾ, ചികിത്സാ, വിദ്യാഭ്യാസ സഹായം, മറ്റുജീവകാരുണ്യ സഹായങ്ങൾ ഒക്കെ കേരളത്തിനായി എത്തിക്കുവാൻ ഫൊക്കാനയ്ക്കു സാധിച്ചിട്ടുണ്ട്. ഈ സന്തോഷമാണ് ഫൊക്കാനയുടെ കരുത്ത്. അതിനു സഹായിക്കുന്ന നിരവധി ഘടകങ്ങൾ ഉണ്ട്. മറ്റൊരു സംഘടനയ്ക്കും അത്തരമൊരു നേട്ടം അവകാശപ്പെടാനില്ല. സാഹിത്യ പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി മലയാളം അക്കാദമി, ഭാഷയ്ക്കൊരു ഡോളർ. തുടങ്ങി നിരവധി പ്രോഗ്രാമുകൾ. വിജയത്തിന്റെ ചരിത്രമുള്ള ഫൊക്കാനയിൽ നിന്നും ഒരു പൊൻതൂവൽ കൂടിവരുന്നു. ഫൊക്കാന കണ്ട കൺവൻഷനുകളിൽ നിന്നു വ്യത്യസ്തമായി അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിൽ വച്ച് നടക്കുന്ന ഫൊക്കാനാ കൺവൻഷൻ ഏറെ ശ്രദ്ധ പിടിച്ചു പറ്റുന്ന ഒന്നായിരിക്കും. പ്രതിഭകളെ ലോകത്തിന്റെ മുൻപിൽ അവതരിപ്പിക്കുവാൻ ഫൊക്കാന ഒരു തിരി കൂടി തെളിക്കുന്ന കേരളാ കൺവൻഷനും ഫൊക്കാനാ ടുഡേയ്ക്കും ആശംസകൾ

# ഫൊക്കാന: ആഗോളതലത്തിൽ അറിയപ്പെടുമ്പോൾ



പോൾ കറുകപ്പള്ളിൽ
(ഫൊക്കാനാ ഇന്റർനാഷണൽ കോ-ഓർഡിനേറ്റർ)

അമേരിക്കൻ മലയാളികളുടെ സംഘടനാ ബോധത്തിന് പുതിയ ഊടും പാവും നൽകിയ ഫൊക്കാനയുടെ കേരളാ കൺവൻഷൻ നടക്കുമ്പോൾ വ്യക്തിപരമായി ഏറെ സന്തോഷമുണ്ട്. കാരണം ഫൊക്കാനയെ ആഗോള തലത്തിൽ ശ്രദ്ധിക്കത്തക്ക തരത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചു. ഫൊക്കാനയുടെ നിർണ്ണായ നിമിഷങ്ങളിൽ ഈ സംഘടനയ്ക്കൊപ്പം നിന്ന് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവാനും ഫൊക്കാനയ്ക്ക് ഒരു അടിത്തറ ഉണ്ടാക്കിക്കൊടുക്കുവാനും സാധിച്ചു. ഫൊക്കാനയെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാള സംഘടനകളുമായി ബന്ധിപ്പിച്ച് സജീവമായി നിലർത്തി. ഇപ്പോൾ കേരളാ കൺവൻഷന് തയ്യാറെടുക്കുമ്പോൾ ആഗോള തലത്തിൽ പ്രശ്സ്തനായ ഗോപിനാഥ് മുതുകാടിനൊപ്പം അദ്ദേഹത്തിന്റെ കുട്ടികൾക്കൊപ്പം അവരുടെ വളർച്ചയ്ക്ക് വേണ്ടി ഒരു കൺവൻഷൻ രൂപപ്പെടുമ്പോൾ എന്തെന്നില്ലാത്ത സന്തോഷം. ഇതിന് മേലെ ഒന്നുമില്ല എന്ന തോന്നൽ. ഇതെല്ലാം ഈശ്വരാനുഗ്രഹം കൂടിയാണ്. ഇതൊരു ആനന്ദ നിമിഷം കൂടിയാണ്. ഈ നിമിഷങ്ങളെ അടയാളപ്പെടുത്താൻ ഫൊക്കാനാ പുറത്തിറക്കുന്ന ഫൊക്കാന ടുഡേ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ ആകെതുകയാണ്.

പലവിധ സമയങ്ങളിൽ ഫൊക്കാനയുടെ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്ത് പ്രവർത്തിക്കുവാൻ സാധിച്ചതിന്റെ അതിയായ സന്തോഷവും ചാരിതാർഥ്യവും ഈ അവസരത്തിൽ ഉണ്ട്. എന്തെല്ലാം പ്രശ്ങ്ങൾ ഉണ്ടായാലും സംഘടനയെ ഒരു കൊടിക്കീഴിൽ ഒരുമിച്ചു നിർത്തുവാൻ പ്രവർത്തകർക്കും സാധിക്കുന്നു. അത് തന്നെയാണ് ഫൊക്കാനയുടെ വളർച്ചയുടെ അടിസ്ഥാനം. ഈ വളർച്ചയ്ക്കൊപ്പം ആഗോള മലയാളികളെ ഈ സംഘടനയ്ക്കൊപ്പം നിലനിർത്തുക എന്ന ദൗത്യവും നമുക്കുണ്ട്. അതിനായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

ഫൊക്കാനായുടെ കേരളാ കൺവൻഷനോടനുബന്ധിച്ച് പുറത്തിറക്കുന്ന ഫൊക്കാനാ ടുഡെയെക്ക് എന്റെ ഹൃദയംനിറഞ്ഞ ആശംസകൾ

## ഫൊക്കാനാ: ജനമനസ്സിൽ പതിഞ്ഞ സംഘടന



അപ്പുക്കുട്ടൻ പിള്ള
(എഡിറ്റോറിയൽ ബോർഡംഗം, ഫൊക്കാന ടുഡെ)

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടന ഒന്നേയുള്ളു. അത് ഫൊക്കാനായാണ്. പ്രാദേശികവും, മതപരവും, ജാതീയവുമായി അമേരിക്കൻ മലയാളികൾ ഓരോ തുരുത്തുകളിലേക്ക് അക്കപ്പെട്ടു പോകാതിരിക്കാൻ മുപ്പത്തിയെട്ടു വർഷങ്ങൾക്കു മുൻപ് വിശാലമായ ഒരു കാൻവാസിലേക്ക് അമേരിക്കൻ മലയാളികളെ വരച്ചിട്ട പ്രസ്ഥാനമാണ് ഫൊക്കാന. അമേരിക്കൻ മലയാളികളുടെ സംഘടിത ശക്തിയുടെ പ്രതിരൂപമായ ഫൊക്കാന മുപ്പത്തിയെട്ടു വർഷം വർഷം അതിന്റെ പ്രവർത്തന പഥങ്ങളിലൂടെ കടന്നു വന്നിരിക്കുന്നു. ഈ മാതൃ സംഘടന വളർത്തിയെടുത്ത നേതാക്കൾ, കലാകാരന്മാർ, തുടങ്ങിയവരുടെ എണ്ണമെടുക്കാൻ സാധിക്കില്ല. കാരണം ഫോക്കാനക്ക് ശേഷം വന്ന ചെറുതും വലുതുമായ എതുസംഘടന എടുത്താലും അതിന്റെ അമരത്ത് ഫൊക്കാനയുടെ ഒരു നേതാവ് ഉണ്ടാകും. അതിനു ഒരു സംഘടനയ്ക്ക് സാധിക്കുക എന്ന് പറയുമ്പോൾ ആ സംഘടന ആ വ്യക്തിക്കും വ്യക്തി ഉൾക്കൊള്ളുന്ന സമൂഹത്തിനും നല്കുന്ന പ്രാധാന്യവും മനസിലാക്കേണ്ടതുണ്ട്.ഈ നേതൃത്വപരതയാണ് ഫൊക്കാനയുടെ കരുത്ത്.

## ഫൊക്കാന പ്രവാസി സംഘടനകൾക്ക് മാതൃക



മാമ്മൻ സി. ജേക്കബ്
(മുൻ ട്രസ്റ്റി ബോർഡ് ചെയർമാൻ)

അമേരിക്കൻ മലയാളികൾക്കൊപ്പം, അവർക്ക് താങ്ങും തണലുമായി മുന്നോട്ടു നടക്കുന്ന പ്രസ്ഥാനമാണ് ഫൊക്കാന. അതുകൊണ്ടു താനാണ് ഫൊക്കാനയുടെ പ്രവർത്തങ്ങളുമായി സഹകരിക്കുവാനും പ്രവർത്തിക്കുവാനും നിറഞ്ഞ സന്തോഷമാണ്. ഫൊക്കാനയെ കുറിച്ച് പറയുമ്പോൾ 1983 കാലഘട്ടം മറക്കാൻ പറ്റില്ല. നമുക്ക് ആദ്യമായി ഉണ്ടായ കുഞ്ഞിന്റെ ജനനം എന്നപോലെ ഓരോ മലയാളിക്കും ഫൊക്കാന ഒരു ഇരിപ്പിടമാണ്. ഇങ്ങനെ ഒരു ആദ്യ കൂട്ടായ്മ ഉണ്ടാകുമ്പോൾ മലയാളികളുടെ ഒത്തൊരുമ മാത്രമല്ല, മതത്തിന്റെയും ജാതിയുടെയും പേരിൽ ഉണ്ടാകുന്ന സംഘടനകളും അതുവഴി ഉണ്ടാകുന്ന അകൽച്ചയും പൂർണ്ണമായും ഇല്ലാതാക്കുക എന്നാ വലിയ ലക്ഷ്യം കൂടി ഫോക്കാനയ്ക്ക് നേതൃത്വം നൽകിയവരുടെ മനസ്സിൽ ഉണ്ടായിരുന്നു. അതിൻറെ പ്രസക്തി ഒരു പക്ഷെ ഇന്ന് അമേരിക്കയിൽ മാത്രമല്ല. ലോകം മുഴുവൻ വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് മറ്റ് പ്രവാസി സംഘടനകൾക്ക് എന്നും മാതൃകയായി ഫൊക്കാന മുന്നോട്ട് കുതിക്കുന്നു. ആഗോള മലയാളികളുടെ മനസിൽ കുടിയേറിയ ഏക പ്രവാസി സംഘടന കൂടിയാണ് ഫൊക്കാന.

# ഫൊക്കാന പ്രസിഡന്റ് ജോർജി വർഗീസിന് ജന്മനാട്ടിൽ ഉജ്ജ്വല സ്വീകരണം







**രാജേഷ് തില്ലങ്കേരി**

അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ സംഘടനയായ ഫൊക്കാനയുടെ അധ്യക്ഷൻ ജോർജി വർഗീസിന് ജന്മനാട്ടിൽ പ്രൗഡോജ്ജ്വല സ്വീകരണം.

തിരുവല്ല വൈ. എം. സി. എ.ഹാളിൽ നടന്ന സ്വീകരണ യോഗം ആന്റോ ആന്റണി എം. പി. ഉദ്ഘാടനം ചെയ്തു. വൈ.എം.സി.എ. പ്രസിഡന്റ് ഐപ്പ് അബ്രഹാം അധ്യത വഹിച്ചു. മുൻ മന്ത്രിയും എം. എൽ.എയുമായ മാത്യു ടി. തോമസ്, മുൻ രാജ്യസഭാ ഉപാധ്യക്ഷനും മുതിർന്ന കോൺഗ്രസ് നേതാവുമായ പ്രൊഫ. പി. ജെ. കുര്യൻ, റവ. ഡോ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, തിരുവല്ല നഗരസഭാ അധ്യക്ഷ ബിന്ദു ജയകുമാർ, എന്നിവർ സ്വീകരണ യോഗത്തിൽ മുഖ്യാതിഥികളായിരുന്നു.

ലോകത്ത് എവിടെയായിരുന്നാലും മലയാളികളുടെ സംഘശക്തി ആരെയും അത്ഭുതപ്പെടുത്തുന്നതാണെന്ന് യോഗം ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ആന്റോ ആന്റണി പറഞ്ഞു. മലയാളികൾ എവിടെയായിരുന്നാലും സ്വന്തം നാടിനോടു കാണിക്കുന്ന സ്നേഹത്തിനും സഹായ സഹകരണങ്ങൾക്കും കേരളം അവരോട് കടപ്പെട്ടിരിക്കുന്നു വെന്നും കേരളം എന്നൊക്കെ പ്രതിസന്ധി നേരിട്ടിട്ടുണ്ടോ എന്നൊക്കെ കരുത്തായും കരുതലായും നിന്നിട്ടുള്ള സംഘടനയാണ് ഫൊക്കാനയെന്നും. നിരവധി കാരുണ്യ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങായ ചരിത്രമാണ് ഫൊക്കാനയ്ക്കുള്ളത്. എം. പി. പറഞ്ഞു.

നമ്മുടെ നാട്ടുകാരനായ ജോർജി വർഗീസാണ് ഫൊക്കാനയെ നയിക്കുന്നത് എന്നത് നാട്ടുകാരായ ഏവർക്കും അഭിമാനകരമാണ്. മലയാളികൾ നെഞ്ചിലേറ്റിയ സംഘടനയാണ് ഫൊക്കാന. എന്നെ ആദ്യമായി ഫൊക്കാനയിലേക്ക് വിളിച്ചത് ടി. എസ്. ചാക്കോയാണ്.

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ അമേരിക്കൻ മലയാളികളുടെ സംഭാവനകളെ ആർക്കും തമസ്ക്കരിക്കാനാവില്ലെന്ന് രാജ്യസഭാ മുൻ ഉപാധ്യക്ഷനായിരുന്ന പി. ജെ. കുര്യൻ അഭിപ്രായപ്പെട്ടു. സംസ്ഥാന സർക്കാരുമായി യോജിച്ചുകൊണ്ട് നിരവധി രാജ്യനിർമ്മാണ പ്രവർത്തനങ്ങൾക്ക് കൈകോർത്ത ചരിത്രമാണ് ഫൊക്കാനയ്ക്കുള്ളത്.

വികാസ് സ്കൂൾ അടക്കമുള്ള വൈ. എം. സി എ. സ്ഥാപനങ്ങളോട് ഫൊക്കാനയും ജോർജി വർഗീസും കാണിക്കുന്ന സ്നേഹാദരങ്ങളോട് ഏറെ നന്ദി അറിയിക്കുന്ന ആമുഖത്തോടെയാണ് സ്ഥലം എം. എൽ. എയായ മാത്യു. ടി. തോമസ് ആശംസാ പ്രസംഗം ആരംഭിച്ചത്. എന്റെ മണ്ഡലത്തിലെ ഒരു വ്യക്തിയാണ് ഫൊക്കാനയുടെ അധ്യക്ഷൻ എന്നത് ഏറെ അഭിമാനകരമാണെന്നും അദ്ദേഹം പറഞ്ഞു.

വ്യക്തികളിലേക്ക് ചുരുങ്ങുന്നവരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. ഈ കാലത്തും തിരുവല്ലയുടെ ആവശ്യങ്ങൾക്ക് മുന്നിൽ ഒരിക്കലും ഫൊക്കാനയോ, ജോർജി വർഗീസോ മുഖം തിരിച്ചിട്ടില്ല. ജോർജി വർഗീസിന്റെ നേതൃത്വത്തിലുള്ള ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏറെ നന്ദിയോടെയാണ് ഓർക്കുന്നതെന്ന് മാത്യു ടി. തോമസ് എം. എൽ. എ. പറഞ്ഞു.

ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി ഫണ്ട് ശേഖരിക്കാനായി അമേരിക്കയിൽ എത്തിയ സന്ദർഭത്തിൽ ജോർജിയും കുടുംബവും ഫൊക്കാനയുടെ മറ്റുഭാരവാഹികളും നൽകിയ സഹായങ്ങൾ ഒരിക്കലും മറക്കാനാവില്ലെന്ന് കൂറിലോസ് അമേരിക്കൻ മലയാളികൾക്കിടയിൽ കേരളത്തിന്റെ സംസ്കാരം ഉയർത്തിപ്പിടിക്കുന്നതിൽ ഫൊക്കാന കാണിക്കുന്ന ശ്രദ്ധയും കരുതലും ഏറെ ശ്രദ്ധേയമാണെന്നും റവ. ഡോ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപോലീത്ത പറഞ്ഞു.

ഫൊക്കാന ദേശീയ കോ-ഓഡിനേറ്ററും കേരളാ ടൈംസ് മാനേജിംഗ് ഡയറക്ടറുമായ പോൾ കറുകപ്പള്ളി, ഫൊക്കാന വൈസ് പ്രസിഡന്റ് തോമസ് തോമസ്, ടി. എസ്. ചാക്കോ (ഫൊക്കാന അഡ്വൈസറി ബോർഡ് ചെയർമാൻ), ഡോ. ബാബു സ്റ്റീഫൻ, ഫിലിപ്പോസ് ഫിലിപ്പ് (ഫൊക്കാന ട്രസ്റ്റി ബോർഡ്), ബിജു കൊട്ടാരക്കര, വികാസ് സ്കൂൾ ചെയർമാൻ പ്രൊഫ. പ്രസാദ് തോമസ് കോടിയാട്ട്, രഞ്ജിത്ത് അബ്രഹാം (വൈ. എം. സി എ), രാജു പൂവക്കാല, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പ്രൊഫ. പി. ജെ. കുര്യൻ ജോർജി വർഗീസിനെ വേദിയിൽ വച്ച് പൊന്നാടയണിച്ച് ആദരിച്ചു. റവ. ഡോ. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി പോൾ കറുകപ്പള്ളിയെയും, ടി. എസ് ചാക്കോയെ മാത്യു ടി. തോമസ് എം. എൽ. എയും പൊന്നായണിയിച്ചു.


വികാസ് ഭവൻ വിദ്യാർത്ഥിയായ രാജേഷിന്റെ സംഗീതവും ചടങ്ങിന് കൂടുതൽ മികവായി.





അഭിമുഖം

# ഫൊക്കാന എന്നും നിരാലംബരുടേയും അശരണരുടേയും പക്ഷത്ത്: ജോർജി വർഗ്ഗീസ്



**അ**മേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാന എന്നും നിരാലംബരുടേയും അശരണരുടേയും പക്ഷത്താണെന്ന് ഫൊക്കാനാ പ്രസിഡന്റ് ജോർജി വർഗ്ഗീസ്. ഫൊക്കാനാ കേരളാ കൺവൻഷനോടനുബന്ധിച്ച് പുറത്തിക്കുന്ന ഫൊക്കാന ടുഡേയ്ക്കുവേണ്ടി നൽകിയ വിശദമായ അഭിമുഖത്തിൽ നിന്ന്

ചോദ്യം: കോവിഡ് മഹാമാരിക്കാലം ആയിട്ടും ലോകമലയാള സംഘടനകളിൽ വച്ച് ഏറ്റവും കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തിയാണല്ലോ. എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടത്തിയത്?

കോവിഡ് മഹാമാരികാലം ആയിരുന്നെങ്കിൽ കുടി ഫൊക്കാനയെ സംബന്ധിച്ചടത്തോളം നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചതിലുള്ള സന്തോഷത്തിലാണ് ഞാൻ. വളരെ അധികം ചാരിറ്റി പ്രവർത്തങ്ങൾ ചെയ്യാനും ജനങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും ഫൊക്കാനക്ക് കഴിഞ്ഞു.കോവിഡ് മഹാമാരിയിൽ പെട്ടുപോയ ലോക ജനതയ്ക്ക് കൈത്താങ്ങ് ആകുവാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞു എന്നതാണ് പ്രധാനം .കോവിഡ് പ്രതിസന്ധി കാലത്തു ഒരു കൊടിയലധികം മൂല്യം വരുന്ന സാമഗ്രികൾ കേരളത്തിൽ എത്തിച്ചു. അമേരിക്കയിൽ പല സ്ഥലത്തും കോവിഡ് പ്രതിരോധ സെമിനാറുകൾ സംഘടിപ്പിച്ചു. രാജഗിരി മെഡിക്കൽ കോളേജുമായി സഹകരിച്ചു നടപ്പാക്കിയ ഫൊക്കാനാ മെഡിക്കൽ കാർഡ് 2000 അമേരിക്കൻ മലയാളികൾക്കും അവരുടെ നാട്ടിലെ കുടുംബാംഗങ്ങൾക്കും ചികിത്സക്ക് മുൻഗണയും വൻ ഇളവും ലഭിച്ചു.

മലയാളം അക്കാദമിയുടെ രൂപീകരണത്തിൽ കൂടി കേരളത്തിന്റെ സംസ്കാരത്തെ അമേരിക്കയിലെ പുതിയ തലമുറക്ക് മുന്നിൽ അവതരിപ്പിക്കുവാൻ സാധിച്ചു. ഫൊക്കാന നടത്തിയ മലയാളം ക്ലാസുകൾക്കു അമേരിക്കൻ മലയാളികൾ നല്ല വരവേൽപ്പ നല്കി.ഏഷ്യാനെറ്റ് ന്യൂസിന്റെ 'മലയാളം എന്റെ മലയാളം' പരിപാടിയിൽ ഒന്നാം സ്ഥാനത്തിനർഹയത് ഫൊക്കാനയ്ക്ക് ലഭിച്ച ചരിത്ര അംഗീകാരമായിരുന്നു.

റീജിയണൽ സമ്മേളനങ്ങൾ എല്ലായിടത്തും നടത്തി. കോവിഡ് കാലമായിട്ടും നൂറോളം പ്രോഗ്രാമുകൾ ഓൺലൈനായും നേരിട്ടും നടത്തി. ജന പങ്കാളത്തത്തിൽ കാതലായ മാറ്റം വരുത്തി. ഡോ. കലാ ഷാഹിയുടെ നേതൃത്തത്തിൽ സ്ത്രീ പങ്കാളിത്തത്തിൽ നല്ല മുന്നേറ്റമുണ്ടായി. ഓൺലൈനായി സംഘടിപ്പിച്ച പ്രോഗ്രാമുകൾ എല്ലാം ഉയർന്ന കലാമൂല്യമുള്ളവയായിരുന്നു. ഗോപിനാഥ് മുതുകാടിന്റെ ഡിഫറെൻറ് ആർട്സ് സെന്ററുൾപ്പെടെ നടത്തിയ പല ജീവ കാരുണ്യ പ്രവർത്തനങ്ങളും നിർണായകമായിരുന്നു. അംഗ സംഘടനകളിൽ കാതലായ വർധനയുണ്ടായി. ഏറ്റവും ഭംഗിയായി സംഘടനയെ മുന്നോട്ടു നയിക്കുവാൻ സാധിച്ചു എന്നത്തിൽ ചാരിതാർഥ്യമുണ്ട്.

ചോ: ഫൊക്കാനയെ ഒരു കുടക്കീഴിൽ അണിനിരത്തി സജീവമായി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണല്ലോ. എന്ത് തോന്നുന്നു ഇപ്പോൾ?

ഉ: വളരെ സന്തോഷം തോന്നുന്ന നിമിഷങ്ങൾ ആണിത്. ഫൊക്കാനയുടെ ചട്ടക്കൂട് തന്നെ സ്നേഹത്തിൽ പടുത്തുയർത്തിയതാണ്. അവിടെ സ്നേഹവും കരുതലും മാത്രമേയുള്ളു. മനുഷ്യൻ ഉള്ളയിടത്ത് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. അവ ചെറിയ ചർച്ചകളിലൂടെ പരിഹരിച്ചു. എല്ലാവർക്കുമൊപ്പം ഞാനും കൂടി. അത്രേയുള്ളു. ഇപ്പോൾ എന്തെന്നില്ലാത്ത സന്തോഷം. ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ ഞങ്ങൾ ഒരേ മനസോടെ മുന്നോട്ട് നീങ്ങുന്നു. ഫൊക്കാന എന്നും നിരാലംബരുടെയും അശരണരയുടേയും പക്ഷത്ത് നിലകൊള്ളുന്ന സംഘടനയാണ്. അതുകൊണ്ടുതന്നെ ഫൊക്കാനയുടെ പ്രയോറിറ്റി എന്നും അവർക്കു തന്നെ ആയിരിക്കും. ഓട്ടിസം ബാധിച്ച നൂറു കുട്ടികളെ ഫൊക്കാന ദത്തെടുത്തു. അവരുടെ അമ്മമാർക്ക് കരുത്തു പകരുന്ന ഒരു പദ്ധതി മുന്നോട്ടു പോകുന്നു. മജീഷ്യനും സാമൂഹ്യ പ്രവർത്തകനുമായ ഗോപിനാഥ് മുതുകാടുമായി ചേർന്നു നടപ്പിൽ വരുത്തുന്ന 'കരിസ്മ' എന്ന പ്രോജക്ടിന് വലിയ പ്രചാരമാണ് ലഭിച്ചത്. ഓട്ടിസം ബാധിച്ച നൂറു കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. അവരുടെ അമ്മമാരെ കരുത്തുള്ളവരാക്കി മാറ്റുന്നതിന് സ്വയം തൊഴിൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്ന ഒരു പദ്ധതി കൂടി കരിസ്മയിൽ കൂടി നടപ്പിലാക്കി. അമേരിക്കൻ മലയാളികളുടെ മലയാള ഭാഷ പ്രാവിണ്യത്തെ വളർത്തുന്നതിനും അവരെ എഴുത്തുകളെയും, സാഹിത്യ അഭിരുചികളെയും വളർത്തുന്നതിനും കേരളം സർക്കാരിന്റെ മലയാളം മിഷനുമായി ചേർന്ന് മലയാളം അക്കാദമിക്ക് രൂപം നൽകി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ലോകമെമ്പാടുമുള്ള മലയാളികളെ ഒരു ചരടിൽ കോർത്തിണക്കുന്ന മഹത്തായ പദ്ധതിയുമായി ഫൊക്കാനാകൂടി കൈകോർക്കുന്നു. കൂടാതെ ഫൊക്കാനയുടെ പ്രസ്റ്റിജ് എന്ന് എക്കാലവും വിശേഷിപ്പിക്കുന്ന 'ഭാഷയ്ക്കൊരു ഡോളർ', അമേരിക്കൻ മലയാളി യുവജനതയുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും ഫൊക്കാന കൺവൻഷനുകളിൽ വിവിധ പ്രോഗ്രാമുകളുമായി യുവജനങ്ങളുടെ സാന്നിധ്യം ഉറപ്പിക്കുന്നതിനുമായി കഴിവുള്ള കലാകാരന്മാരെയും കലാകാരികളെയും കണ്ടെത്തു





ന്നതിന് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന 'ടാലന്റ് ഹണ്ട്', തുടങ്ങി നിരവധി കർമ്മപരിപാടികൾ സജീവമായി മുന്നോട്ട്. ഫൊക്കാനയെ ശക്തിപ്പെടുത്തുക. അതിനായി വേണ്ടത് ചെയ്യുക. അമേരിക്കൻ മലയാളികൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കുക. അവരെ കേൾക്കുക.

ചോ: ഫ്ളോറിഡയിലേക്കു ഫൊക്കാന കൺവൻഷൻ വരികയാണല്ലോ. സ്വന്തം തട്ടകത്തിലേക്ക് കൺവൻഷൻ വരുമ്പോൾ എന്ത് തോന്നുന്നു.

ഉ: 2006 നു ശേഷം പതിനാലു വർഷങ്ങൾക്ക് ശേഷമാണു ഫൊക്കാന നാഷണൽ കൺവൻഷൻ ഫ്ളോറിഡയിലേക്ക് എത്തുന്നത്. അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിലേക്ക് കൺവൻഷൻ വരുന്നതിൽ വ്യക്തിപരമായി സന്തോഷമുണ്ട്. ഫൊക്കാനയുടെ വളർച്ചയ്ക്കൊപ്പം സഞ്ചരിച്ച ഒരാൾ എന്ന നിലയിൽ ഈ പദവി വലിയ ഉത്തരവാദിത്വവും സന്തോഷവും നൽകുന്നു. എല്ലാ തരത്തിലും മികച്ച ഒരു ടീമാണ് എന്നോടൊപ്പം ഉള്ളത്. വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുടെ ഒത്തുചേരൽ ഫൊക്കാനയ്ക്ക് ഏറെ ഗുണം ചെയ്തു എന്ന് കാലം തെളിയിക്കും. ഫ്ളോറിഡയിലെ പ്രാദേശിക സംഘടനാ പ്രവർത്തനങ്ങളിലൂടെ വളരുവാൻ സാധിച്ചതിൽ അതിയായ സന്തോഷം ഉണ്ട്. കേരളസമാജത്തിന്റെ സെക്രട്ടറിയായും, പ്രസിഡണ്ടായും ഉപദേശക സമിതി അധ്യക്ഷനായും പ്രവർത്തിച്ചു. ഫൊക്കാനയിൽ എത്തിയ വിവിധ പദവികൾ ഫൊക്കാനയിൽ ഏറ്റെടുക്കുകയും ഫൊക്കാന ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവയെല്ലാം ഏറ്റവും ഭംഗിയായി കൃത്യതയോടെ നിർവഹിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ അതേ ആത്മാർത്ഥതയോടെ തുടരാനും ഫൊക്കാനയെ കൂടുതൽ പ്രവർത്തന നിരതമാക്കുവാനുമാണ് എന്റെ ശ്രമം. ഫ്ളോറിഡാ ഫൊക്കാനാ കൺവെൻഷന് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ്. ഒർലാണ്ടോ, ടാമ്പാ, ഫോർട്ട് ലൗഡർഡേൽ, മയാമി തുടങ്ങിയ സ്ഥലങ്ങൾ മലയാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ തന്നെ. അമേരിക്കയിലെ കൊച്ചു കേരളം തന്നെയാണ് ഫ്ളോറിഡ. അതുകൊണ്ട് ഫ്ലോറിഡയിൽ കൺവെൻഷൻ വച്ചാൽ വൻ വിജയമാകുമെന്നതിൽ തർക്കമില്ല. കുട്ടികൾ ഉൾപ്പെടെ പുറമെ നിന്നുള്ള അതിഥികളുടെ ഏറ്റവും പ്രിയപ്പെട്ട സ്ഥലമാണ് ഫ്ളോറിഡ. മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി കുടുംബങ്ങളുടെ ഒരു സംഗമം ആയി ഫൊക്കാന കൺവൻഷനെ മാറ്റുവാനാണ് എന്റെ ശ്രമം. സ്ത്രീകൾ, കുട്ടികൾ, യുവജനങ്ങൾ തുടങ്ങിയവരുടെ ഒരു പരിച്ഛേദത്തെ ഫ്ളോറിഡയിൽ 2022 ലെ കൺവൻഷനിൽ അവതരിപ്പിക്കുക എന്നതാണ് എന്റെ പ്ലാൻ.

ചോ: ചെറുപ്പം മുതൽക്കേ സാമൂഹ്യ സാംസ്കാരിക രംഗത്ത് സജീവമാണല്ലോ? കുട്ടനാട്ടിൽ തൊഴിലാളികളുടെ ജീവിത വളർച്ചയ്ക്കായി നിരവധി പ്രവർത്തനങ്ങൾ നടത്തിയതായി കേട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ എങ്ങനെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ സഹായിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉ: തീർച്ചയായും. കാരണം, നാമെല്ലാം അടിസ്ഥാന പരമായി കർഷകരുടെ മക്കളാണ്. നമ്മുടെ പൂർവികർ എല്ലാം മണ്ണിൽ പണിയെടുക്കുന്നവർ ആയിരുന്നു. അതുകൊണ്ടു തന്നെ നമുക്ക് കാർഷിക വൃത്തിയോടും, അതുമായി ബന്ധപ്പെട്ട എന്തിനോടും ഒരു അഭിനിവേശം തോന്നും എക്കാലവും.

ഞാൻ എം. എസ്. ഡബ്ല്യൂ കഴിഞ്ഞതിനു ശേഷം ഹാരിസൺ ആൻഡ് ക്രോസ്സ്ഫീൽഡ് എന്ന അന്തർദേശീയ കമ്പനിയിൽ ലേബർ ഓഫീസർ ആയാണ് ജോലി ആരംഭിച്ചത്.

പിന്നീട് മറ്റൊരു സന്നദ്ധ സംഘടനയോട് ചേർന്ന് കുട്ടനാട് പ്രദേശത്തു അനേകം തൊഴിലാളികളെ സംഘടിപ്പിച്ചു തരിശായി കിടന്ന നൂറോളം ഏക്കർ സ്ഥലം കൂട്ടു കൃഷി നടത്തി വൻലാഭമുണ്ടാക്കിയ അനുഭവം മറക്കാനാവാത്ത അനുഭൂതിയാണ് നൽകിയത്. പാവപ്പെട്ടവന്റെ ഇടയിൽ നേരിട്ട് പോയി പ്രവർത്തിച്ചത് നല്ല അനുഭവ സമ്പത്തു തന്നെ ആയിരുന്നു. കൃഷി നഷ്ടമായിരുന്ന കാലം തൊഴിലാളികൾ സ്വന്തത്തിനു വേണ്ടി പരിശ്രമിച്ചപ്പോൾ ഉണ്ടായ വൻ വിജയം. പല പത്രങ്ങളും ഈ പരീക്ഷണം വാർത്തയാക്കിയിരുന്നു.

ചോ: ഫൊക്കാനയിൽ പ്രവർത്തിച്ചു തുടങ്ങിയ കാലം മുതൽ നിരവധി പദവികൾ തേടിയെത്തിയിട്ടുണ്ടല്ലോ. നേതൃത്വ രംഗത്തേക്ക് കടന്നു വരുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് ഒരു സാമൂഹ്യ പ്രവർത്തകന് വേണ്ടത്?

ഉ: എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു പൊതു പ്രവർത്തകന് വേണ്ട പ്രധാന ഗുണം നമ്മൾ ആയിരിക്കുന്ന സമൂഹത്തെ തിരിച്ചറിയുക എന്നതാണ്. പക്ഷഭേതമില്ലാതെ എല്ലാവരോടും ചേർന്ന് നിന്നുകൊണ്ട് പ്രവർത്തിക്കാനാകണം. എല്ലാവരെയും കേൾക്കാൻ സാധിക്കണം. എല്ലാവരെയും വിലയിരുത്തുന്നതിനൊപ്പം സ്വയം വിലയിരുത്താനും സാധിക്കണം. പരാതികൾക്കിട നൽകാതെ നമ്മൾ ഏറ്റെടുത്ത കർമ്മ മണ്ഡലത്തെ മുന്നോട്ടു കൊണ്ട് പോകാൻ സാധിക്കണം.

ഫൊക്കാനയിൽ മാത്രമല്ല ഏത് സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുമ്പോഴും ഒരു പദവികളോടും താല്പര്യം തോന്നിയിട്ടില്ല. ഏൽപ്പിക്കുന്ന എന്ത് കാര്യവും ആത്മാർത്ഥമായി ചെയ്യുക, പരാതികൾക്ക് ഇടം നൽകാത്ത വിധം അവ സംഘടിപ്പിക്കുക എന്നത് മാത്രമേ ഞാൻ ചെയ്തിട്ടുള്ളു. പിന്നെ നമുക്ക് ചില പദവികൾ ലഭിക്കുമ്പോൾ കുറേക്കൂടി വിജിലന്റ് ആകുവാനും ആ പദവിയുടെ ബലത്തിൽ ജനങ്ങളുമായി കൂടുതൽ ഇടപെടുവാനും സാധിക്കുമെന്നതാണ് ഒരു നേട്ടം. ഫൊക്കാന എന്നിൽ വിശ്വാസമർപ്പിച്ച എല്ലാ പദവികളോടും നീതി പുലർത്തിയിട്ടുണ്ട്. മോശം അഭിപ്രായം ആരിൽ നിന്നും എനിക്ക് കേൾക്കേണ്ടി വന്നിട്ടില്ല. അസ്സോസിയേറ്റ് ട്രഷറർ, ഫൊക്കാന ടുഡേ ചീഫ് എഡിറ്റർ, ട്രസ്റ്റിബോർഡ് ചെയർമാൻ, ഫൊക്കാനാ ഇലക്ഷൻ കമ്മീഷൻ ചെയർമാൻ, കേരളാ കൺവൻഷൻ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ, ഇൻഡ്യാ പ്രസ്സ് ക്ലബ് ഫ്ളോറിഡാ ചാപ്റ്റർ സെക്രട്ടറി, മാർത്തോമാ ഡയോസിഷ്യൻ കൗൺസിൽ മെംബർ തുടങ്ങി നിരവധി പദവികളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇവയെല്ലാം എന്റെ പ്രവർത്തനങ്ങളെ പൊതുജനം സ്വീകരിച്ചതിന്റെ അംഗീകാരമായി ഞാൻ ഇപ്പോഴും കാണുന്നു.

ജോർജി വർഗീസ് വ്യത്യസ്തനാകുന്നത് ഇവിടെയാണ്. ഏറ്റെടുക്കുന്ന കാര്യങ്ങൾ അണുവിട വ്യത്യാസം ഇല്ലാതെ സമൂഹത്തിനു ഉപകരിക്കും വിധം ഭംഗിയായി നടപ്പിലാക്കുക എന്നതാണ് പൊതു പ്രവർത്തനത്തിന്റെ മാനദണ്ഡം എന്ന് വരുന്ന തലമുറയ്ക്ക് മനസിലാക്കി കൊടുക്കുക. അതിനു തന്റെ പ്രവർത്തനങ്ങളെ സാക്ഷിയാക്കുക. ഇവയൊക്കെയാണ് ജോർജി വർഗീസ്

അമേരിക്കൻ മലയാളികൾ ഇഷ്ടപ്പെടുന്ന സൗമ്യതയുടെ പ്രതീകം.

വൈ. എം. സി. എ. യിലൂടെ, ഹാരിസൺ ആൻഡ് ക്രോസ് ഫീൽഡ് അന്തർദേശീയ കമ്പനിയിലെ ലേബർ ഓഫിസർ ആയുള്ള പ്രവർത്തനങ്ങളിലൂടെ, സാധാരണക്കാരുടെ പ്രശ്നങ്ങൾ പഠിക്കുകയും അവർക്കൊപ്പം നിലകൊള്ളുകയും ചെയ്ത അദ്ദേഹം തിരുവല്ല റീജിയണൽ വൈ എം. സി. എ. ചെയർമാൻ പദവിയിൽ പ്രവർത്തിക്കുമ്പോഴാണ് അമേരിക്കയിലേക്ക് കുടിയേറിയത്. തുടർന്നുള്ള പ്രവർത്തനങ്ങൾ വളർന്നു വരുന്ന തലമുറയ്ക്ക് ഒരു പുസ്തകവും.

**തയ്യാറാക്കിയത്: അനിൽ പെണ്ണുക്കര**

# കരിസ്മയ്ക്കൊപ്പം ഫൊക്കാനയും




കലാ ഷാഹി
(വിമൻസ് ഫോറം ചെയർപേഴ്സൺ)




ഭിന്നശേഷിക്കാരായ ഒട്ടനേകം കുരുന്നുകൾ ഇന്ന് നമുക്ക് ചുറ്റുമുണ്ട്. പൂകളെയും പൂമ്പാറ്റകളെയും സ്നേഹിച്ചും ലാളിച്ചും പാറിനടക്കേണ്ട പ്രായത്തിൽ ചുറ്റുമുള്ളവരിൽ നിന്നും വേർതിരിക്കപ്പെട്ടവർ, കാഴ്ചയിലെ വൈകല്യം മനസിന്റെ നിഷ്കളതയെ ബാധിക്കാത്തവർ, വ്യത്യസ്തമായ ചിന്താഗതികളും വിശാലമായ ഒരു ലോകവുമുള്ളവർ. എന്നാൽ ഇത്തരക്കാരുടെ പരിമിതികളിൽ സഹതപിക്കാനല്ലാതെ അവരെ കൈ ചേർത്ത് പിടിക്കാൻ പലപ്പോഴും നമ്മൾ മനസ്സു കാണിക്കാറില്ല. അവിടെയും ദൈവത്തിന്റെ കരസ്പർശമേറ്റ കുറെ നല്ല മനുഷ്യർ രംഗത്തെത്തി. ലോക പ്രശസ്ത മാന്ത്രികൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മാജിക് പ്ലാനറ്റിലെ ഡിഫൻസ് ആർട്ട് അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയും ആ കുരുന്നുകൾക്കായി കൈകോർക്കുകയാണ്. ഭിന്നശേഷിയുള്ള കുട്ടികളുടെ അമ്മമാർക്ക് സ്വയം തൊഴിൽ പരിശീലനത്തിനും അതിലൂടെ വരുമാനം കണ്ടെത്തുന്നതിനുമായി തുടങ്ങിയ മികച്ച ഒരു പദ്ധതിയാണ് 'കരിസ്മ എ മൂവ് ഫോർ മദേഴ്സ്'. ഗോപിനാഥ് മുതുകാടിനൊപ്പം ഫോക്കാനായും ചേരുന്നതോടെ ഈ പ്രോഗ്രാം ലോക മലയാളികളുടെ ശ്രദ്ധയിലേക്ക് വന്നു. കരിസ്മയ്ക്ക് കൂടുതൽ സഹായങ്ങൾ ലഭിക്കുക എന്നതാണ് ഫൊക്കാന വിമൻസ് ഫോറത്തിന്റെ ലക്ഷ്യം. മാജിക്കൽ പ്ലാനെറ്റിൽ ഉള്ള ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളുടെ അമ്മമാർക്കാണ് ഈ പദ്ധതി കൊണ്ടുള്ള ഗുണം ലഭിക്കുക. തയ്യൽ പരിശീലനം, ബാഗ് നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങി വിവിധ തരത്തിലുള്ള തൊഴിൽ പരിശീലനമാണ് കരിസ്മ സെന്റർ ഈ അമ്മമാർക്ക് നല്കിക്കൊണ്ടിരിക്കുന്നത്. പരിശീലനം നൽകുന്നതിനോടൊപ്പം ഇവിടെയുണ്ടാകുന്ന ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക കൂടിയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

# മലയാള ഭാഷയ്ക്കൊപ്പം ഫൊക്കാന



ഗീതാ ജോർജ്
(നാഷണൽ കമ്മറ്റിയംഗം)

കേരളത്തിന് പുറത്ത് ജീവിതം തേടിപ്പോകുന്നവരെല്ലാം പ്രവാസികളാണെങ്കിലും അവർ കേരളത്തിലേക്ക് പല സമയങ്ങളിലായിട്ടാണ് തിരികെയെത്തുക. അവരെത്തുന്ന ഇടങ്ങളിൽ അവരെ കൂട്ടിയിണക്കുന്നത് നമ്മുടെ സുന്ദരമായ ഭാഷ തന്നെയാണ്. മലയാള ഭാഷയെ നെഞ്ചോട് ചേർക്കുന്ന പ്രവാസികൾ നമ്മുടെ മലയാളത്തിനു വേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നവരുമാണ്. ഫൊക്കാന മലയാള ഭാഷയ്ക്ക് നൽകിയ കൈത്തിരിയാണ് ഭാഷയ്ക്കൊരു ഡോളർ. മലയാളത്തിനായി ഒരു ഡോളർ ഓരോ മലയാളിയും മാറ്റിവയ്ക്കുക. അവ മലയാള ഭാഷയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് സമ്മാനമായി നൽകുക. ലോകത്ത് ഒരു സംഘടനയും ഇത്തരമൊരു മഹനീയ കർമ്മം നിർവ്വഹിക്കുന്നതായി ഓർമ്മിക്കുന്നില്ല. മലയാളി ഉള്ള കാലങ്ങളോളം ഈ സമ്മാനം മലയാള ഭാഷയെ തേടിയെത്തും. അതിനു കാരണക്കാരായ അമേരിക്കൻ മലയാളികളെ എന്നും മലയാളം അഭിനന്ദിക്കും. ഇത്തവണത്തെ ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം നേടിയ അരുൺ മോഹനും, കെ. മഞ്ജുവിനും ഫൊക്കാനയുടെ അഭിനന്ദനങ്ങൾ.

# പി. അരുൺ മോഹനും, കെ. മഞ്ജുവിനും ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം






പി. അരുൺ മോഹൻ



കെ. മഞ്ജു

അമേരിക്കൻ മലയാളി സംഘടനയായ ഫൊക്കാന കേരള സർവ്വകലാശാലയുമായി ചേർന്ന് മലയാള ഭാഷയിലെ മികച്ച ഗവേഷണ പ്രബന്ധത്തിന് നൽകി. വരുന്ന ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം 2019ലെ പി. അരുൺ മോഹന്റെ 'കൊച്ചി രാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരവും ഭാഷാപരവുമായ പഠനം 'എന്ന പ്രബന്ധവും, 2021ലെ കെ. മഞ്ജുവിന്റെ ' ഘടനാവാദാനന്തര ചിന്തകളുടെ പ്രയോഗം സമകാലീന മലയാള വിമർശനത്തിൽ' എന്ന പ്രബന്ധവും അർഹമായി. 50000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

അവാർഡ് ചരിത്രത്തിൽ ഏറ്റവും അധികം പ്രബന്ധങ്ങൾ (44) അവതരിക്കപ്പെട്ടതു ഈ വർഷമാണ്.

ഫൊക്കാനാ പ്രസിഡന്റ് ജോർജി വറുഗീസിന്റെയും ഇന്റർനാഷണൽ കോർഡിനേറ്റർ പോൾ കറുകപ്പള്ളിലിന്റെയും വൈസ് പ്രസിഡന്റ് തോമസ് തോമസിന്റെയും സാന്നിധ്യത്തിൽ കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലറും അവാർഡ് നിർണായ സമിതിയും യൂണിവേസിറ്റി കോൺഫറൻസ് ഹാളിൽ വച്ചാണ് രണ്ടു വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചത്.

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലെയും മലയാളം എം എ വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കാളികളായത്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിൽ നിന്നും അയച്ചു കിട്ടിയ ഗവേഷണ പ്രബന്ധങ്ങളിൽ നിന്നാണ് പുരസ്കാരം കിട്ടിയ പ്രബന്ധങ്ങൾ തെരഞ്ഞെടുത്തത്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മുൻ പ്രോ. വൈസ് ചാൻസലർ ഡോ. കെ. എസ് രവികുമാർ , കേരള സർവ്വകലാശാല മുൻ പ്രൊഫസർ ഡോ. ദേശമംഗലം രാമകൃഷ്ണൻ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രൊഫസർ ഡോ. എ. ഷീലാകുമാരി എന്നിവരടങ്ങുന്ന സമിതിയാണ് പുരസ്കാര നിർണ്ണയം നടത്തിയത്. 2022 ഫെബ്രുവരി 26 ന് ഫൊക്കാനാ കേരളാ കൺവൻഷൻ വേദിയിൽ (കഴക്കൂട്ടം കിൻഫ്രാ പാർക്ക് - മാജിക്ക് പ്ലാനറ്റ് ) വെച്ച് സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ പുരസ്കാര വിതരണം നടത്തും. 2017 ൽ പുരസ്കാരം ലഭിച്ച സ്വപ്ന ശ്രീനിവാസന്റെ പട്ടത്തു വിള കഥകളിളെ സംസ്കാര രാഷ്ട്രീയം എന്ന പ്രബന്ധം പുസ്തകരൂപത്തിൽ പുറത്തിറക്കും.

# രണ്ടു നക്ഷത്രങ്ങൾ ഒന്നിച്ചുദിക്കുമ്പോൾ

**അനിൽ പെണ്ണുക്കര**

സമൂഹത്തിനു വേണ്ടി തങ്ങളുടെ ജീവിതം മാറ്റിവച്ച രണ്ടു മനുഷ്യർ അവിചാരിതമായി കൈകോർക്കുമ്പോൾ അവിടെ സഹജീവി സ്നേഹത്തിന്റെയും, സഹാനുഭൂതിയുടെയും വിത്തുകൾ മുളയ്ക്കും. ഫൊക്കാനയുടെ പ്രസിഡന്റ് ജോർജ്ജി വർഗ്ഗീസിന്റെയും, മാജിക് പ്ലാനറ്റിന്റെ സ്ഥാപകൻ ഗോപിനാഥ് മുതുകാടിന്റെയും കൂടിച്ചേരൽ ഇങ്ങനെയല്ലാതെ മറ്റെങ്ങനെയാണ് നമ്മൾ നിർവചിക്കുക. രണ്ടുപേരും കടന്നു വന്ന വഴികൾ ഒന്നായിരുന്നു, പിന്നിട്ട പാതകൾ ഒന്നായിരുന്നു, ഇപ്പോഴിതാ കാലം ചിറകുകൾ ഒടിച്ചു വിട്ട കുട്ടികളെ സ്വപ്നങ്ങളിലേക്ക് കൈപിടിച്ചു നടത്താൻ ഇരുവരും ഒരേ വഴിയിലൂടെ തന്നെ പരിശ്രമിക്കുന്നു.

മാജിക്കിൽ നിന്നും മാജിക് പ്ലാനറ്റിലേക്ക് ഗോപിനാഥ് മുതുകാട് എത്തുന്നത് അനേകം പ്രതിസന്ധികളെ താണ്ടിയാണ്, തന്റെ ചെറുപ്പം മുതൽക്കേ അദ്ദേഹം സമൂഹത്തിന് വേണ്ടി ജീവിക്കണമെന്ന് മനസ്സിൽ ഉറപ്പിച്ചിരുന്നു. അതിന് വേണ്ടി സദാ പ്രവർത്തിച്ചിരുന്നു. ജോർജ്ജി വർഗ്ഗീസും മറിച്ചായിരുന്നില്ല, കുട്ടിക്കാലം മുതൽക്കെയുള്ള സാമൂഹിക സേവനം ഫൊക്കാനയിലേക്കും, തിരുവല്ല വൈ എം സി എല്ലിലെ ഭിന്നശേഷിക്കാരായ കുട്ടികളിലേക്കും നീളുന്നതായിരുന്നു. പൊതുപ്രവർത്തനം തന്നെയായിരുന്നു രണ്ടുപേരുടെയും ജീവിതത്തിന്റെ ലക്ഷ്യം. ഇപ്പോൾ ഒരേ വഴിയിൽ ഇരുവരും കൈകോർത്ത് പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങുമ്പോൾ വലിയ പ്രതീക്ഷയിലാണ് കേരളം.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും അവരുടെ, അവരുടെ വിദ്യാഭ്യാസത്തിനും, മാതാപിതാക്കളുടെ സ്വയം പര്യാപ്തതയ്ക്കും വേണ്ടി ധാരാളം പദ്ധതികളാണ് ഇരുവരും ചെയ്തുവന്നിട്ടുള്ളത്. ഫോക്കാനയ്ക്ക് വേണ്ടി വർഷങ്ങളോളം പ്രവർത്തിച്ച ജോർജ്ജി വർഗ്ഗീസ് എന്ന മനുഷ്യസ്നേഹി, അനേകം പേരുടെ കണ്ണുനീരൊപ്പാനും, സങ്കടങ്ങളിൽ തൂവാലയാകാനും ശ്രമിച്ചയാളാണ്. ഗോപിനാഥ് മുതുകാടാവട്ടെ തന്റെ കണ്ണിൽ കാണുന്ന എല്ലാ മനുഷ്യർക്കും നന്മ ചെയ്യാൻ വേണ്ടി മാത്രം ജനിച്ചതാണ്. ഇതൊരു ദൈവീകമായ ഉത്തരവാദിത്തമാണ്, ഈ കണ്ടുമുട്ടൽ ദൈവീകമായ ഒരു തീരുമാനമാണ്. രണ്ടു നന്മകൾ ഭൂമിയിൽ കണ്ടുമുട്ടണമെന്നും ആ കണ്ടുമുട്ടൽ വേദനിക്കുന്നവരുടെ ഭക്ഷണത്തിൽ രുചിയായി മാറണമെന്നും ദൈവം അവന്റെ പുസ്തകത്തിൽ എഴുതിപ്പിടിപ്പിച്ചതായിരിക്കും.



ഗോപിനാഥ് മുതുകാട് ജോർജി വർഗീസ്

## എന്നും ഫൊക്കാനയ്ക്കൊപ്പം



**ലീലാ മാരേട്ട്**
**(നാഷണൽ കോ-ഓർഡിനേറ്റർ)**

ഫൊക്കാന അതിന്റെ ചരിത്ര വഴികളിൽ മാറ്റത്തിന് നാന്ദി കുറിക്കുകയാണ്. ഫൊക്കാനായുടെ 2020 -2022 കമ്മിറ്റി നടത്തുന്ന കേരളാ പ്രവേശം ആണ് ഫൊക്കാനാ കേരളാ കൺവൻഷൻ 2022. ഫൊക്കാന 1983ൽ നിലവിൽ വരുമ്പോൾ അമേരിക്കൻ മലയാളികളുടെ ഒത്തുചേരൽ എന്നതിനപ്പുറത്തു കേരളത്തിൽ ദുരിതം അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കായി അർഹിക്കുന്ന സഹായം എത്തിക്കുക എന്ന വലിയ ലക്ഷ്യം കൂടി ഉണ്ടായിരുന്നു. ഒരു പക്ഷെ അന്ന് മുതൽ ഇന്നുവരെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഫോക്കാനയോളം സജീവമായി കേരളാ സമൂഹത്തിൽ ഇടപെട്ട മറ്റൊരു പ്രവാസി സംഘടനയും ഉണ്ടാവില്ല. പ്രക്ത്യക്ഷമായും പരോക്ഷമായും കേരളീയ സമൂഹത്തിൽ ഫൊക്കാന നടത്തിയ ഇടപെടലുകൾ വളരെ വലുതാണ്. ഭവനപദ്ധതികൾ, ആരോഗ്യ പദ്ധതികൾ, തുടങ്ങി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫൊക്കാന നേതൃത്വം നല്കിയിട്ടുണ്ട്. ഫൊക്കാനയുടെ സാന്ത്വനം ആരൊക്കെ ആവശ്യപ്പെട്ടിട്ടുണ്ടോ അവർക്കെല്ലാം അവ എത്തിക്കുവാൻ നാളിതുവരെയുള്ള കമ്മിറ്റികൾ ശ്രമിച്ചിട്ടുണ്ട്. ഫൊക്കാനായുടെ പുതിയ കമ്മിറ്റിയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പാത തന്നെ പിന്തുടരുകയാണ്. മഹാപ്രളയം, കോവിഡ് കാലങ്ങളിൽ സഹായവുമായി ഫൊക്കാന ഓടിയെത്തി. ഇപ്പോൾ മാജിക് പ്ലാനറ്റിലെ കുട്ടികളുടെ പുനരധിവാസത്തിനായി കേരളാ കൺവൻഷൻ തന്നെ നടത്തി പ്രവാസി സംഘടനകൾക്ക് ഫൊക്കാന മാതൃക ആകുന്നു

## ഫൊക്കാന കേരള കൺവൻഷൻ ഒരു നാഴികക്കല്ല്



**ഡോ. ബാബു സ്റ്റീഫൻ**
**(റീജിയണൽ വൈസ് പ്രസിഡന്റ്, ഫൊക്കാന)**

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടന ആയ ഫൊക്കാനയുടെ ആദ്യത്തെ കേരള പ്രവേശം 2002ൽ ആയിരുന്നു. ഡോ. എം. അനിരുദ്ധൻ പ്രസിഡന്റും ഐ. വർഗീസ് സെക്രട്ടറിയും, ശ്രീമതി മറിയാമ്മപിള്ള ട്രഷററും ആയ കമ്മിറ്റിയാണ് ആദ്യ കേരളാ കൺവൻഷൻ സംഘടിപ്പിച്ചത്. അന്നുമുതൽ ഇന്നുവരെ ഫൊക്കാനാ കേരളാ കൺവൻഷനുകൾ കേരള സംസ്കാരത്തിന്റെ ഒരു പരിച്ഛേദം ആയിരുന്നു. അത് ഫൊക്കാന ഇന്നുവരെയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ്. പ്രധാനമായും കേരളത്തിന്റെ ജീവകാരുണ്യ സാമൂഹിക സാംസ്കാരിക ഭാഷാ രംഗത്ത് ഈ സംഘടന നൽകിയ സംഭാവനകളിലൂടെയാണ് അത് സാധ്യമായത്. 38 വർഷം പിന്നിടുമ്പോൾ കേരളത്തിന്റെ ജീവകാരുണ്യ രംഗത്ത് ഫൊക്കാനയുടെ സംഭാവന വിലമതിക്കുവാൻ കഴിയാത്തതാണ്. അത്രത്തോളം സഹായങ്ങൾ ഫൊക്കാന കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കായി നടപ്പിലാക്കിക്കഴിഞ്ഞു. ഇപ്പോഴും അത് യാതൊരു തടസ്സവുമില്ലാതെ തുടരുന്നു എന്നുള്ളതാണ് ഒരു പ്രത്യേകത.ഗോപിനാഥ് മുതുകാടിന്റെ മാജിക് പ്ലാനറ്റിലെ കുട്ടികളുടെ ക്ഷേമത്തിനായി സംഘടിപ്പിക്കുന്ന ഫൊക്കാനാ കേരളം കൺവൻഷൻ ഈ പുത്തൻ ആശയം കൊണ്ടുതന്നെ ചരിത്രത്തിൽ ഇടം നേടും. ഫൊക്കാനാ കേരളാ കൺവൻഷന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

# ഏവർക്കും ഫ്ളോറിഡയിലേക്ക് സ്വാഗതം



**ഫിലിപ്പോസ് ഫിലിപ്പ്**
**(ട്രസ്റ്റിബോർഡ് ചെയർമാൻ)**

**ക**ഴിഞ്ഞ മുപ്പത്തിയെട്ടു വർഷങ്ങളിലെ അമേരിക്കൻ മലയാളി സംഘടനാ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട ചരിത്രം കൂടിയാണ് ഫൊക്കാനയ്ക്കുള്ളത്. ഫൊക്കാനയുടെ പദ്ധതികളും പ്രവർത്തനങ്ങളും ലോകത്തുള്ള എല്ലാ പ്രവാസി സുഹൃത്തുക്കൾക്കും മാതൃകകളായി വളരുകയും, അവ പിന്നീട് പല പ്രവാസി സംഘടനകളുടെയും ചാലക ശക്തിയായി മാറുകയും ചെയ്തിട്ടുണ്ട്. ഏതു പ്രവാസി സംഘടനകളുടെയും ചാരിറ്റി, സാമൂഹ്യ പ്രവർത്തനങ്ങൾ എടുത്തു നോക്കിയാലും അതിൽ ഫൊക്കാന നടപ്പിലാക്കിയ പരിപാടികളുടെയും പദ്ധതികളുടെയും കയ്യൊപ്പ് പതിഞ്ഞിട്ടുണ്ടാകും. അവിടെയാണ് ഫൊക്കാനയുടെ പ്രസക്തി.

ചാരിറ്റി പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുകയും അത് സാക്ഷാത്ക്കരിക്കുന്നതിൽ ഫൊക്കാന വഹിച്ച പങ്ക് വളരെ വലുതാണ്. മറ്റൊരു സംഘടനയ്ക്കും അത്തരമൊരു നേട്ടം അവകാശപ്പെടാനില്ല. ഇപ്പോഴും ആ സഹായ പദ്ധതികൾ തുടരുന്നു എന്നതാണ് ഫൊക്കാനയെ മറ്റു സംഘടനകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ഇത്തവണ ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനത്തിനായി നടത്തുന്ന കേരളാ കൺവൻഷൻ അതിന്റെ ആശയ സമ്പുഷ്ടതകൊണ്ടുതന്നെ മനോഹരമാണ്. ഈ സമ്പുഷ്ടതയ്ക്കൊപ്പം നിൽക്കുവാൻ നല്ലവരായ അമേരിക്കൻ മലയാളികളെ സജ്ജമാക്കുവാൻ ഫൊക്കാനയ്ക്ക് സാധിച്ചു. കേരളാ കൺവൻഷന് ശേഷം ഫൊക്കാനയുടെ അതി വിപുലമായ നാഷണൽ കൺവൻഷൻ അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിൽ സംഘടിപ്പിക്കുകയാണ്. രണ്ടു വർഷത്തെ കോവിഡ് മഹാമാരിക്ക് ശേഷം എല്ലാവരും ഒത്തുകൂടുന്ന ഒരു വേദി കൂടിയാവും ഫൊക്കാന നാഷണൽ കൺവൻഷൻ. എല്ലാവരെയും നാഷണൽ കൺവൻഷനിലേക്ക് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു

# ഫൊക്കാനാ കേരളാ കൺവൻഷന് ആശംസകൾ



**മാധവൻ നായർ**
**(മുൻ ഫൊക്കാന പ്രസിഡന്റ്)**

ഫൊക്കാനായുടെ പ്രസിഡന്റായി പ്രവർത്തിച്ച സമയത്ത് ഈ സംഘടനയ്ക്ക് ജനമനസ്സിലുള്ള സ്വാധീനം നേരിട്ടറിയാൻ സാധിച്ചിട്ടുണ്ട്. അശരണരായ കുടുംബങ്ങൾക്ക് കൈത്താങ്ങാകുവാൻ തോട്ടം തൊഴിലാളി മേഖലകളിൽ പലതവണ യാത്ര ചെയ്തിട്ടുണ്ട്. 'ഭവനം' പദ്ധതി അങ്ങനെയാണ് തുടങ്ങുന്നത്. നൂറോളം വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് മുന്നോട്ട് പോകുവാൻ സാധിച്ചു. ഇത്തരം തുടർ പ്രൊജക്ടുകളാണ് ഫൊക്കാനായുടെ ശക്തി. ഇത്തവണ അത് മാജിക് പ്ലാനറ്റിലെ കുട്ടികൾക്ക് ലഭിക്കുന്നു. എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.




**ഡോ. ജേക്കബ് ഈപ്പൻ**
**(നാഷണൽ കമ്മറ്റി മെമ്പർ)**

38 വർഷത്തെ ഫൊക്കാനായുടെ ചരിത്രം പരിശോധിക്കുമ്പോൾ ഈ സംഘടനയുടെ തണലിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ കേരളത്തിലുണ്ട്. അവരുടെ സന്തോഷമാണ് ഫൊക്കാനായുടെ കരുത്ത്. അവരുടെ വളർച്ചകൂടിയാണ് ഈ സംഘടനയെ മുന്നോട്ടു നയിക്കുന്ന ഒരു ഘടകം. തിരുവനന്തപുരത്ത് നടക്കുന്ന കേരളാ കൺവൻഷനിൽ ഫൊക്കാനായുടെ സഹായം ലഭിക്കുന്നത് ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കുമാണ്. അവരെ ചേർത്തു നിർത്താനാവുന്നത് ജീവിത സൗഭാഗ്യമായി ഞാൻ കരുതുന്നു.



**ജോജി തോമസ്**
**(അസ്സോസിയേറ്റ് സെക്രട്ടറി, ഫൊക്കാന)**

കേരളത്തിന്റെ പുനർനിർമ്മിതിക്ക് എന്നും സഹായവുമായി ഒപ്പമുള്ള സംഘടനയാണ് ഫൊക്കാന. പ്രളയം, കോവിഡ് മഹാമാരി എന്നിവ കേരളത്തിന്റെ സാധാരണ ജീവിതത്തെ തകർത്തെറിഞ്ഞപ്പോൾ വേണ്ട സഹായങ്ങൾ കൃത്യസമയത്ത് നൽകുവാൻ ഫൊക്കാനാ പ്രവർത്തകർക്ക് കഴിഞ്ഞു. ഏതു സഹായവും അർഹിക്കുന്ന സമയത്ത് എത്തിക്കുമ്പോഴാണ് ആ സഹായത്തിന് വിലയുണ്ടാകുന്നത്. ഫൊക്കാനായുടെ തുടക്കം മുതൽ അർഹിക്കുന്ന വ്യക്തികൾക്ക് കൃത്യമായി അത് നൽകുവാൻ ഫൊക്കാനാ നേതൃത്വം ശ്രമിക്കുന്നു.



**പ്രവീൺ തോമസ്**
**(ടെക്നിക്കൽ കോ-ഓർഡിനേറ്റർ, ഫൊക്കാന)**

ഫൊക്കാനായോടു ചേർന്നു പ്രവർത്തിക്കുമ്പോൾ ഒരു വ്യക്തി എന്ന നിലയിൽ സമൂഹത്തിൽ ഉണർന്നു പ്രവർത്തിക്കുവാൻ അവസരം ലഭിക്കുന്നു. ഫൊക്കാനായ്ക്ക് ജനമനസ്സിലുള്ള അംഗീകാരത്തെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. ഫൊക്കാനാ യുവതലമുറയെ വളർത്തിക്കൊണ്ടു വരുവാൻ ആരംഭകാലം മുതൽ ശ്രമിക്കുന്നുണ്ട്. അമേരിക്കൻ രാഷ്ട്രീയ രംഗത്ത് തനത് സംഭാവന നൽകുവാൻ കഴിവുള്ള ഒരു യുവ സമൂഹത്തെ തയ്യാറാക്കുവാൻ തുടർന്നുള്ള കാലങ്ങളിൽ ശ്രമിക്കണം. പുതിയ തലമുറ ഫൊക്കാനയിലേക്ക് വരണം. ഈ നന്മ അവരും തിരിച്ചറിയട്ടെ.

# ഫൊക്കാന കേരള കൺവൻഷൻ

1-ാം പേജിന്റെ തുടർച്ച...


ഇത്തവണ ഭിന്നശേഷിക്കാരായ കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ടാണ് കേരളാ കൺവൻഷൻ സംഘടിപ്പിക്കുന്നത്. കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന മജീഷ്യൻ മുതുകാടിന്റെ നേതൃത്വത്തിലുള്ള മാജിക് പ്ലാനറ്റിലെ ഭിന്നശേഷിക്കാരായ നൂറോളം കുട്ടികളുടെ ജീവിത വിജയത്തിനായി ഫൊക്കാനയും ഒപ്പം കൂടിയത് ഈ കുട്ടികൾക്ക് ഒരു മുതൽക്കൂട്ടായി മാറുകയായിരുന്നു. മാജിക് പ്ലാനറ്റിലെ കരിസ്മ സെന്റർ ഫൊക്കാനാ വുമൻസ് ഫോറം പൂർണ്ണമായും സ്പോൺസർ ചെയ്തിരുന്നു. തുടർന്നും ഫൊക്കാനാ ഈ കുട്ടികൾക്കായി വേണ്ട സഹായങ്ങൾ നൽകുമെന്ന് ഫൊക്കാനാ നേതൃത്വം അറിയിച്ചിട്ടുണ്ട്.



FEDERATION OF KERALA ASSOCIATION IN NORTH AMERICA
ESTD 1983
FOKANA
FEDERATION OF KERALA ASSOCIATIONS
IN NORTH AMERICA
www.fokanaonline.org/
KERALA
CONVENTION 2022
FEBRUARY 26 SATURDAY
@ MAGIC PLANET KAZHAKOOTAM
TRIVANDRUM, KERALA




# Welcome to the wild side of luxury!

Experience the true ethos of elegance, embedded deep in the virgin woodlands of Coorg. Lay back and unwind in your luxurious European chalet-styled suite, serenaded by sweet birdsong and enraptured by the mysterious spirit of the forest. Come to Coorg Wilderness Resort, and discover a class of luxury you have never seen before!





COORG WILDERNESS RESORT
luxurious *by* nature

From Paul John Resorts & Hotels, owners of the acclaimed Kumarakom Lake Resort, The Paul Bangalore and Forte Kochi.

Virajpet Main Road, Mekeri, Madikeri, Karnataka – 571201, Phone: +91-8272 226200
E-mail: reservationcwr@the paul.in, www.coorgwildernessresort.in